"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - **2024-'25** അധ്യയന വർഷത്തിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ച കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ തൊഴിലാളികളുടെ മക്കൾക്ക് സൗജന്യമായി ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.**331/2026/LBR** തീയതി,തിരുവനന്തപുരം, **28-02-2026**

---

പരാമർശം:-

1. ഇലക്ട്രോണിക്സും വിവരസാങ്കേതികവും വിദ്യാ വകുപ്പിന്റെ **18/03/2019**-ലെ ഐ.റ്റിസെൽ-**1/26/2019**/വി.സ.വ നം. സർക്കുലർ.
2. ഇലക്ട്രോണിക്സും വിവരസാങ്കേതികവും വിദ്യാ വകുപ്പിന്റെ **21/10/2019**-ലെ ഐ.റ്റിസെൽ-**1/106/2019**/വി.സ.വ നം. സർക്കുലർ.
3. **11/04/2023**-ലെ സ. ഉ. (സാധാ) നം. **459/2023**/തൊഴിൽ
4. **09/02/2024**-ലെ സ.ഉ. (സാധാ) നം. **164/2024**/തൊഴിൽ
5. **17/03/2025**-ലെ സ.ഉ. (സാധാ) നം. **331/2025**/തൊഴിൽ
6. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ **16/12/2025**-ലെ **445**-ാമത് യോഗതീരുമാനം.
7. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ **21/01/2026**-ലെ ജി2-**4369/2022** നമ്പർ കത്ത്.

**ഉത്തരവ്**

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സജീവാംഗത്വമുള്ള തൊഴിലാളികളുടെ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന മക്കൾക്ക് **2021-22, 2022-23, 2023-24** എന്നീ അധ്യയന വർഷങ്ങളിൽ ലാപ്ടോപ്പുകൾ വാങ്ങി നൽകുന്നതിന് യഥാക്രമം പരാമർശം **(3), (4), (5)** പ്രകാരം അനുമതി നൽകിയിരുന്നു. **2024-25** അധ്യയന വർഷത്തിലും പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ച മക്കൾക്കുള്ള ലാപ്ടോപ്പ് വിതരണത്തിന് ലഭ്യമായ അപേക്ഷകളിൽ അർഹതയുള്ള **313** അപേക്ഷകൾ പരിഗണിക്കുന്നതിന് പരാമർശം **(6)**-ലെ ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ടെന്നും ആയതിനാൽ **2024-25** അധ്യയന വർഷം പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ച കുട്ടികൾക്ക്

സൗജന്യമായി ലാപ്ടോപ്പ് വാങ്ങി വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (7) പ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സജീവാംഗത്വമുള്ള തൊഴിലാളികളുടെ, 2024-25 അധ്യയന വർഷത്തിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ച കുട്ടികളിൽ, അർഹതയുള്ള 313 പേർക്ക് പരാമർശം (3)-ലെ ഉത്തരവിലെ നിബന്ധനകൾ ബാധകമാക്കി, സൗജന്യമായി ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിന് കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) ഇതുസംബന്ധിച്ച ചെലവുകളും മറ്റ് വിശദാംശങ്ങളും യഥാസമയം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ ജി നായർ
ഡെപ്യൂട്ടി സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Abhilash R P
Date: 02-03-2026 11:30:37
സെക്ഷൻ ഓഫീസർ

പകർപ്പ് :-
പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എസ്.-ന്